"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും - മേൽനോട്ട സംവിധാനം രൂപീകരിച്ചും അധിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1076/2025/LSGD തീയതി,തിരുവനന്തപുരം, 29-04-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(സാധാ) നം.183/2025/LSGD; തീയതി 19.01.2025
5. ശ്രീ. മാർട്ടിൻ പോൾ ഫയൽ ചെയ്ത 9961/2019 നമ്പർ റിട്ട് പെറ്റീഷനിലെ ബഹു. ഹൈക്കോടതിയുടെ 28.03.2025 ലെ വിധിന്യായം

**<u>ഉത്തരവ്</u>**

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം നൽകുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും അവയുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കണമെന്ന് പതിനാലാം പഞ്ചവത്സരപദ്ധതി കാലയളവിലേക്ക് വേണ്ടി പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ ഖണ്ഡിക 7.1.6 പ്രകാരം നിർദേശം നൽകിയിട്ടുള്ളതാണ്. സ്കോളർഷിപ്പ്, ബത്ത എന്നീ ഇനങ്ങളിൽ നൽകേണ്ട തുകയുടെ നിരക്കുകളും മറ്റ് വിശദാംശങ്ങളും ആയതു പ്രകാരം വിശദീകരിച്ചിട്ടുണ്ട്.

2. ഇത്തരത്തിൽ അനുവദനീയമായ സ്കോളർഷിപ്പും ബത്തയും നൽകുന്നതിനാവശ്യമായ തുക ഗ്രാമ പ്രദേശങ്ങളിൽ നിശ്ചിത അനുപാതത്തിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ വകയിരുത്തി നൽകണമെന്നും, നഗരഭരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അനുവദനീയമായ സ്കോളർഷിപ്പും ബത്തയും നൽകുന്നതിന് വേണ്ട മുഴുവൻ തുകയും അവയുടെ വാർഷിക പദ്ധതിയിൽ വകയിരുത്തണമെന്നും നിർദ്ദേശം നൽകിയിരുന്നെങ്കിലും, ചില തദ്ദേശഭരണസ്ഥാപനങ്ങൾ ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നതായും, അർഹതപ്പെട്ട മുഴുവൻ തുകയും നൽകുന്നില്ലെന്ന പരാതി നിലനിൽക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും, ഇതിനെതിരെ പലരും കോടതിയെ സമീപിക്കുന്ന സ്ഥിതി സംജാതമാകുകയും ചെയ്തതിനെ തുടർന്ന്, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മാർഗ്ഗരേഖ ഉത്തരവ് പ്രകാരം അനുവദനീയമായ സ്കോളർഷിപ്പും ബത്തയും നൽകുന്നതിനുള്ള പ്രോജക്ടുകൾ

ഏറ്റെടുക്കുന്നത് സംബന്ധിച്ച അധിക മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് പരാമർശം 4 പ്രകാരവും ഉത്തരവായിരുന്നു.

3. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും സമയബന്ധിതമായി വിതരണം ചെയ്യുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. ഈ പ്രോജക്ട് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മുടക്കം കൂടാതെ നടപ്പാക്കുന്നുണ്ട് എന്നും, അർഹരായ എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം നടത്തപ്പെടുന്നുണ്ട് എന്നും ഉറപ്പുവരുത്തുന്നതിനായി ചുവടെ പ്രകാരം മേൽനോട്ട സംവിധാനം രൂപീകരിച്ചും അധിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും ഉത്തരവാകുന്നു.

- എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്ന വിഷയത്തിൽ പരാമർശം ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ആയതിൽ വീഴ്ച്ച വരുത്തുന്നപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണനടപടി സ്വീകരിക്കുന്നതാണ്.
- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ സംസ്ഥാനതല നോഡൽ ഓഫീസർ ആയി ചുമതലപ്പെടുത്തുന്നു. ജില്ലാ തലത്തിൽ ഇപ്രകാരമുള്ള മേൽനോട്ടം ജോയിന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.
- ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന വിഷയത്തിൽ ഏതെങ്കിലും തദ്ദേശ ഭരണ സ്ഥാപനം വീഴ്ച്ച വരുത്തുന്ന പക്ഷം, ജോയിന്റ് ഡയറക്ടർമാർ ആവശ്യമായ നിർദ്ദേശം നൽകേണ്ടതും, ആവശ്യമുള്ളപക്ഷം വിഷയം പ്രിൻസിപ്പൽ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.
- സ്കോളർഷിപ്പ് ലഭിക്കാത്തത് സംബന്ധിച്ച ആക്ഷേപമുള്ള ഭിന്ന ശേഷിക്കാരായ കുട്ടികൾക്ക് നേരിട്ട് സമീപിക്കുന്നതിന്, സംസ്ഥാനതല/ ജില്ലാതല നോഡൽ ഓഫീസർമാർ ആവശ്യമായ സൗകര്യം ഒരുക്കേണ്ടതും ആയത് പരസ്യപ്പെടുത്തേണ്ടതുമാണ്.

4. പരാമർശം 5 വിധിന്യായം മേൽ പ്രകാരം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്

9. ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
10. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. അഡ്വക്കേറ്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. സാമൂഹ്യ നീതി വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 30-04-2025 07:17:54

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്